വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) പതിനേഴ് എണ്ണം. അവ താഴെകൊടുക്കുന്നു.

1. പള്ളിവാസൽ	(37.50 മെഗാവാട്ട്)
2. ചെങ്കുളം	(45 മെഗാവാട്ട്)
3. നേര്യമംഗലം	(45 മെഗാവാട്ട്)
4. പന്നിയാർ	(30 മെഗാവാട്ട്
5. പെരിങ്ങൽകുത്ത്	(32 മെഗാവാട്ട്)
6. ഷോളയാർ	(54 മെഗാവാട്ട്)
7. ശബരിഗിരി	(300 മെഗാവാട്ട്)
8. കുറ്റ്യാടി	(75 മെഗാവാട്ട്)
9. ഇടുക്കി	(780 മെഗാവാട്ട്)
10. ഇടമലയാർ	(75 മെഗാവാട്ട്)
11. കല്ലട	(15 മെഗാവാട്ട്)
12. പേപ്പാറ	(3 മെഗാവാട്ട്)
13. ലോവർ പെരിയാർ	(180 മെഗാവാട്ട്)
14. മാട്ടുപെട്ടി	(2 മെഗാവാട്ട്)
15. പെരിങ്ങൽകുത്ത് ഇടതുകര വിപുലീകരണം	(16 മെഗാവാട്ട്)
16. കപ്പാട്	(50 മെഗാവാട്ട്)
17. തയംപുഴ	(2.50 മെഗാവാട്ട്)

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി&ഇ) ഇല്ല.

(എഫ്) ഇല്ല.

(ജി&എച്ച്) ചോദ്യം ഉദിക്കുന്നില്ല.

സ്ലാബ് സമ്പ്രദായം മാറ്റി മീറ്റർ റീഡിംഗ് ഏർപ്പെടുത്തുവാൻ നടപടി

21 (*351) ശ്രീ. പി. നാരായണൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. ജോസ് ബേബി :
പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) തെരുവു വിളക്കുകൾക്കുള്ള വൈദ്യുതി വിനിയോഗത്തിന് ഗ്രാമപഞ്ചായത്തുകളിൽ സ്ലാബ് സമ്പ്രദായം മാറ്റി മീറ്റർ റീഡിംഗ് അനുസരിച്ച് പണമടയ്ക്കുന്ന സമ്പ്രദായം ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനെപ്പറ്റി പഠിക്കാൻ നിയോഗിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാം ;

(ഡി) സ്ലാബ് സമ്പ്രദായം മാറ്റി മീറ്റർ റീഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതു കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഇല്ല.

(ബി&സി) ഈ കമ്മിറ്റി റിപ്പോർട്ട് നൽകിയിട്ടില്ല.

(ഡി) നിലവിലുള്ള സംവിധാനമനുസരിച്ച് ഓരോ തെരുവ് വിളക്കിനും അവ ഓരോ ദിവസവും കത്തുന്ന സമയത്തെ അടിസ്ഥാനമാക്കി പ്രതിമാസ തുക നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത നിരക്കിൽ തെരുവ് വിളക്കുകളുടെ എണ്ണത്തിന് അനുസൃതമായ തുകയാണ് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും വിദ്യുച്ഛക്തി ബോർഡിന് നൽകേണ്ടത്. എന്നാൽ ഈ വ്യവസ്ഥയിൽ, കത്താത്ത തെരുവ് വിളക്കുകൾക്കും പണമടയ്ക്കേണ്ടിവരുന്നു എന്ന പരാതി ഉയർന്നിട്ടുണ്ട്. മീറ്റർ സ്ഥാപിച്ച് റീഡിംഗ് എടുത്ത് അതിനനുസരിച്ച് ഈ വൈദ്യുതി ചാർജ്ജ് അടയ്ക്കുകയാണെങ്കിൽ ഉപയോഗിച്ച വൈദ്യുതിക്ക് മാത്രം ചാർജ്ജ് നൽകിയാൽ മതിയാകും എന്നതാണ് ഒരു നേട്ടമായി കാണുന്നത്.

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്ന തുക

22 (*352) ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. എ. കെ. മണി :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് സർക്കാർ ചെലവഴിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു ;

(ബി) ക്ഷേമ പ്രവർത്തനങ്ങൾമൂലം പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതിയിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) പുരോഗതി ഉണ്ടായിട്ടില്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly